## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **14-03-2022 - ൽ മറുപടിയ്ക്ക്**

## മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡിന്റെ നവീകരണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡിന്റെ നവീകരണ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; | (എ) | 500 ലക്ഷം രൂപ. |
| (ബി) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്നാണെന്നും പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും അറിയിക്കാമോ; | (ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഉടമ്പടി തീയതി - 19.11.2019. 27.11.2019 – ൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ച ശേഷം പൊതുമരാമത്ത് വകുപ്പ് എന്നാണ് പ്രവൃത്തികൾ പുനരാരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത റോഡിൽ എം.എൽ.എ / എ.ഡി.എസ് ഫണ്ടിൽ കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ 03/05/2021 നാണ് സ്ഥാപിച്ചു കഴിഞ്ഞത്. റോഡ് വൈഡനിങ്, റോഡ് ഉയർത്തൽ എന്നീ പ്രവൃത്തികൾ കഴിഞ്ഞതിനു ശേഷം 07/02/2022 – ന് ടാറിങ് തുടങ്ങാനിരിക്കെ 05/02/2022 – ന് കേരള വാട്ടർ അതോറിറ്റി ആറു ഭാഗങ്ങളിലായി 53 മീറ്ററോളം റോഡ് വെട്ടിപ്പൊളിച്ചിരുന്നു. ടി ഭാഗങ്ങളിൽ തൃപ്തികരമല്ലാത്ത രീതിയിലാണ് റെസ്റ്റോറേഷൻ നടത്തിയിട്ടുള്ളത്. ആയതിനാൽ ടി റോഡിൽ ടാറിങ് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡിന്റെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | കേരള വാട്ടർ അതോറിറ്റി കട്ട് ചെയ്ത ഭാഗങ്ങൾ ഒരു മാസം കഴിഞ്ഞിട്ടും തൃപ്തികരമായി റെസ്റ്റോറേഷൻ ചെയ്യുകയോ റെസ്റ്റോറേഷൻ തുക പൊതുമരാമത്ത് വകുപ്പിന് കീഴിൽ അടക്കുകയോ ചെയ്യാത്തതിനാൽ പൊതുമരാമത്തു വകുപ്പ് കരാറുകാരനെ കൊണ്ട് തന്നെ റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ടി തുക പിന്നീട് വസൂലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് ടാറിങ് പ്രവൃത്തി 11/03/2022 ന് ആരംഭിക്കുന്നതാണ്. പ്രവൃത്തി 30/04/2022 തീയതിയിൽ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ